# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5935** — **7.7.2014-ൽ മറുപടിക്ക്**

### മാലിന്യ സംസ്ക്കരണത്തിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ മാലിന്യ സംസ്ക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ; | (എ) 1994 കേരള പഞ്ചായത്തീരാജ്/കേരള നഗരപാലിക ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ വരുന്ന പ്രദേശത്ത് ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ സംഭരണം, പരിവഹണം, സംസ്ക്കണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടി ചുമതലകൾ നിറവേറ്റുന്നതിലേക്കായി പ്ലാന്റുകളുടെ നിർമ്മാണത്തിലേയ്ക്കായി തയ്യാറാക്കുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതിയും, സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി രൂപീകരിച്ച 5 നഗരസഭകളിലും മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കും 27 നഗരസഭകളിൽ നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ആധുനികവല്ക്കരിക്കുന്നതിനും 64 നഗരസഭകളിലും ഏകദേശം എണ്ണൂറോളം ഗ്രാമപഞ്ചായത്തുകളിലും ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കും സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ഇതിനായി എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കുമോ? | (ബി) പുതിയതായി രൂപീകരിച്ച 5 നഗരസഭകളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 296.78 ലക്ഷം രൂപയും 27 നഗരസഭകളിൽ നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ആധുനികവല്ക്കരിക്കുന്നതിന് 2552.73 ലക്ഷം രൂപയും 64 നഗരസഭകളിൽ ഉറവിടമാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 2628.94 ലക്ഷം രൂപയും ഏകദേശം 800 ഓളം ഗ്രാപഞ്ചായത്തുകളിൽ ഉറവിടമാലിന്യ സംസ്ക്കരണം നടപ്പിലാക്കുന്നതിലേയ്ക്കായി ശുചിത്വ മിഷന്റെ പദ്ധതി വിഹിതത്തിൽ നിന്നും കേന്ദ്ര പദ്ധതിയായ നിർമ്മൽ ഭാരത് അഭിയാനിൽ നിന്നും യഥാക്രമം 2215.35 ലക്ഷം രൂപയും 1330.90 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ